**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 684** **09-06-2021 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ചില പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട് |
| (ബി) | ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ; | (ബി) | ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ വിതരണം ചെയ്യുന്നതിനായി (ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി, പായിപ്പാട് , തൃക്കൊടിത്താനം, കുറിച്ചി) തിരുവല്ല ചങ്ങനാശ്ശേരി നഗരസഭ ജലവിതരണ പദ്ധതിയിൽ നിന്നും കൂടാതെ കുട്ടനാട് കുടിവെള്ള പദ്ധതിയിൽ നിന്നും ജലം ലഭ്യമാക്കുന്നുണ്ട് . കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന തിരുവല്ല-ചങ്ങനാശ്ശേരി നഗര ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണം പൂർണതോതിൽ പൂർത്തിയാകുന്നതോടെ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമത്തിന് പൂർണതോതിൽ പരിഹാരം കാണാവുന്നതാണ് . കൂടാതെ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ കുറിച്ചി, മാടപ്പള്ളി പഞ്ചായത്തുകളിൽ കെ . ആർ . ഡബ്ല്യു . എസ്സ് . എ നടപ്പിലാക്കിയ പദ്ധതികളിൽ പുനരുദ്ധാരണം ആവശ്യമായവയ്ക്ക് സംസ്ഥാന പ്ലാൻ സ്കീമിൽ അനുവദിച്ച സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. മാടപ്പള്ളി ഗ്രാമപഞ്ചായത്തിലെ ജല ലഭ്യത കുറവുള്ള 6 പദ്ധതികളുടെയും ജലഗുണനിലവാര പ്രശ്നമുള്ള 7 പദ്ധതികളുടെയും നിർമാണ പ്രവർത്തനം നടന്നു വരുന്നു. കുറിച്ചി ഗ്രാമ പഞ്ചായത്തിലെ ജലഗുണനിലവാര പ്രശ്നമുള്ള 3 പദ്ധതികളുടെ നിർമാണ പ്രവർത്തനവും നടന്നു വരുന്നു . ഇതിനുപുറമേ KRWSA യുടെ ഭാഗമായ മഴകേന്ദ്രം സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മഴവെള്ളസംഭരണം ഭൂജല പരിപോഷണ പദ്ധതിയുടെ ഭാഗമായി ചങ്ങനാശേരി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന തൃക്കൊടിത്താനം |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന 175 വ്യക്തിഗത കുടുബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിന് സഹായകരമായ മഴവെള്ളസംഭരണികൾ നിർമ്മിച്ചുനൽകി. ഗുണഭോക്തൃ വിഹിതം സമാഹരിച്ച് പങ്കാളിത്താധിഷ്ഠിത മാതൃകയിലാണ് പദ്ധതി നടപ്പിലാക്കിയത്. കൂടാതെ മണ്ഡലത്തിൽ ഉൾപ്പെടുന്ന വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട 160 കുടുംബങ്ങളിലെ തുറന്ന കിണറുകൾ മഴവെള്ളം സംഭരിച്ച് റീചാർജ് ചെയ്യുന്നതിനും അറ്റകുറ്റപണികൾ നടത്തി ശുചിത്വം ഉറപ്പാക്കുന്നതിനും പമ്പുകൾ സ്ഥാപിക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട് . നിർവ്വഹണ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റിയ്ക്കും, നിയോജകമണ്ഡലത്തിലെ മറ്റു പഞ്ചായത്തുകൾക്കും മാത്രമായി ഒരു കുടിവെള്ള പദ്ധതി ആരംഭിക്കുമോ; വിശദമാക്കാമോ? | (സി) | ഇതിനായി മണിമലയാർ സ്രോതസ്സാക്കിയുള്ള ഒരു ശുദ്ധജലവിതരണ പദ്ധതിയുടെ സാധ്യതാപഠനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ